**പതിന്നാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2470 07/10/2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

**ഞീഴൂർ ഐ.എച്ച്.ആർ.ഡി.എഞ്ചിനീയറിംഗ് കോളേജിന് സ്ഥലം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മോൻസ് ജോസഫ്** | **ശ്രീ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | ഞീഴൂർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന് ഞീഴൂർ പഞ്ചായത്ത് നൽകുവാൻ തീരുമാനിച്ചിരുന്ന 2 ഏക്കർ സ്ഥലം വിട്ടുനൽകുന്നതു സംബന്ധിച്ച് 89/അർ.സി4/ എൽ.എസ്.ജി.ഡി/2016, 643408/2016 എന്നീ ഫയലുകളിൽ തദ്ദേശസ്വയംഭരണവകുപ്പ് എന്ത് തീരുമാനമെടുത്തു എന്നറിയിക്കാമോ; ഈ ഫയലിൽ തീരുമാനമെടുക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | എ) ഞീഴൂർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന് ഞീഴൂർ പഞ്ചായത്ത് നൽകുവാൻ തീരുമാനിച്ചിരുന്ന 2 ഏക്കർ സ്ഥലം വിട്ടുനൽകുന്നതു സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു-വേണ്ടി കരട് വിജ്ഞാപനം ലഭ്യമാക്കുവാൻ ഞീഴൂർ ഗ്രാമപഞ്ചായത്തിനോട് അവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്. |
| ബി) | ഈ സ്ഥലം കിട്ടിയില്ലെങ്കിൽ ഐ.എച്ച്.ആർ.ഡി. കോളേജിന്റെ അംഗീകാരം റദ്ദാകുവാൻ സാദ്ധ്യതയുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി പരിഗണിക്കുമോ? | ബി) ഉണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ